# കടലാസ് പെട്ടി നിർമാണം പ്രതിസന്ധിയിൽ

കൊച്ചി: ക്രാഫ്റ്റ് പേപ്പറിന്റെ വിലക്കയറ്റം കാരണം കടലാസ് പെട്ടി നിർമാണം പ്രതിസന്ധിയിൽ. കൊറുഗേറ്റഡ് ബോക്സ് യൂണിറ്റുകൾ അടച്ചിടേണ്ട സ്ഥിതി രൂപപ്പെട്ടതായി ഈ രംഗത്ത് പ്രവർത്തിക്കുന്നവർ ചൂണ്ടിക്കാട്ടുന്നു. വിലക്കയറ്റം ഉൽപ്പാദനച്ചെലവിലുണ്ടാക്കിയ വർധന 25 ശതമാനത്തിലേറെയാണ്.



സ്ഥിതി കൂടുതൽ ഗുരുതരമാക്കി സ്റ്റാർച്ച്, സ്റ്റിച്ചിങ് വയർ എന്നിവയുടെ വിലയിലും തൊഴിലാളികളുടെ വേതനത്തിലും കഴിഞ്ഞ ഒരുവർഷത്തിനകം വൻ വർധനയാണുണ്ടായതെന്ന് ഇന്ത്യൻ കൊറുഗേറ്റഡ് കെയ്സ് മാനുഫാക്ചറേഴ്സ് അസോസിയേഷൻ (ഐസിസിഎംഎ) പ്രസിഡന്റ് കീർത്തി മോഡി പറഞ്ഞു. സ്റ്റാർച്ചിന്റെ വില ഇരട്ടിയായി. സ്റ്റിച്ചിങ് വയറിന്റെ വിലയിലുണ്ടായ വർധന 40 ശതമാനമാണ്.

അത്യാവശ്യ സാധനങ്ങളായ പാൽ, പഴങ്ങൾ, പച്ചക്കറി, തുണി, ഔഷധങ്ങൾ എന്നിവയെല്ലാം ലക്ഷ്യസ്ഥാനത്തെത്തിക്കുന്നതിന് കൊറുഗേറ്റഡ് ബോക്സ് അനിവാര്യമാണ്. പാഴ് കടലാസുകൾ റീസൈക്കിൾ ചെയ്തു കിട്ടുന്ന ഫൈബറിൽനിന്നാണ് ക്രാഫ്റ്റ് പേപ്പർ നിർമിക്കുന്നത്. മരത്തിന്റെ ഉപയോഗം ഒഴിവാക്കപ്പെടുന്നു എന്നതിനാൽ പരിസ്ഥിതിസംരക്ഷണ രംഗത്ത് മികച്ച സംഭാവനയാണ് നൽകുന്നത്. മുഖ്യമായും ചെറുകിട മേഖലയിലാണ് പാക്കേജിങ് യൂണിറ്റുകളുടെ പ്രവർത്തനം. പേപ്പർ മില്ലുകൾ മുന്നറിയിപ്പില്ലാതെ വൻതോതിൽ വില വർധിപ്പിക്കുന്നതും ഈ തൊഴിൽമേഖലയ്ക്ക് വിനയാകുന്നു. രാജ്യത്തെ പാക്കേജിങ് യൂണിറ്റുകൾ വൻ തുക മുടക്കി അത്യാധുനിക സാങ്കേതികവിദ്യ സ്വായത്തമാക്കിയ സാഹചര്യത്തിലാണ് പുതിയ പ്രതിസന്ധികൾ.

ക്രാഫ്റ്റ് പേപ്പർ നിർമാണത്തിനാവശ്യമായ ഫൈബറിന് ആഗോള തലത്തിൽ ക്ഷാമമുണ്ട്. ഭൂകമ്പത്താൽ ചിലിയിലെ പൾപ്പ് മില്ലുകൾ പൂട്ടാനിടയായതും വടക്കേ അമേരിക്കൻ രാജ്യങ്ങളിലെ രൂക്ഷമായ ഹിമപാതവും ക്ഷാമത്തിനു കാരണമായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ വിലവർധന ന്യായീകരിക്കാവുന്നതാണെങ്കിലും പേപ്പർമില്ലുകൾ ഇത് നടപ്പാക്കുന്ന രീതി അന്യായമാണെന്ന് ഐസിസിഎംഎ സെക്രട്ടറി ഹരീഷ് മദൻ പറഞ്ഞു. പേപ്പർ മില്ലുകൾ വില വർധന പൊടുന്നനെ നടപ്പാക്കുന്നത് തടയണമെന്ന് കേന്ദ്ര സർക്കാരിനോട് അസോസിയേഷൻ ആവശ്യപ്പെട്ടു. ക്രാഫ്റ്റ് പേപ്പറുകൾ കസ്റ്റംസ് തീരുവയില്ലാതെ ഇറക്കുമതിചെയ്യാൻ അനുവദിക്കണമെന്നും അഭ്യർഥിച്ചു.